നമ്പർ - എക്സ്.ജെ4-306/2011

അഡീഷണൽ എക്സൈസ് കമ്മീഷണറുടെ കാര്യാലയം
(എൻഫോഴ്സ്മെന്റ്) തിരുവനന്തപുരം
തീയതി 11/8/2011

# സർക്കുലർ

വിഷയം :- എക്സൈസ് ജീവനക്കാര്യം - വീക്കിലി പരേഡ് നടത്തുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം

എക്സൈസ് വകുപ്പിൽ വ്യാഴാഴ്ച തോറും നടത്തി വരുന്ന വീക്കിലി പരേഡ് സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ കൂടുതൽ വ്യക്തത ആവശ്യമാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ നിലവിലുള്ള എല്ലാ നിർദ്ദേശങ്ങളും പിൻവലിച്ച് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

1) എല്ലാ ഫീൽഡ് ഓഫീസുകളിലും വ്യാഴാഴ്ച ദിവസങ്ങളിൽ രാവിലെ 7 മണി മുതൽ 7.40 മണി വരെ നിർബന്ധമായും വീക്കിലി പരേഡ് നടത്തേണ്ടതാണ്. പരേഡ് പരിശോധിക്കുന്ന ഉദ്യോഗസ്ഥൻ പരേഡിൽ പങ്കെടുക്കുന്നവരുടെ ടേൺ ഔട്ട് പരിശോധിക്കേണ്ടതും ആയത് സംബന്ധിച്ചുള്ള അഭിപ്രായം പരേഡ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

2) പരേഡ് ദിവസങ്ങളിൽ 7.45 മുതൽ 8.30 മണി വരെ വകുപ്പ് കൈകാര്യം ചെയ്യുന്ന വിവിധ നിയമങ്ങളെ സംബന്ധിച്ചും കേസ് അന്വേഷണ നടപടികളെ സംബന്ധിച്ചും വകുപ്പിന്റെ പൊതുവായ പ്രവർത്തനത്തെ സംബന്ധിച്ചും കൂട്ടായി ചർച്ച ചെയ്യേണ്ടതും പരേഡ് നയിക്കുന്ന ഉദ്യോഗസ്ഥൻ മററ് ഉദ്യോഗസ്ഥരുടെ സംശയ നിവാരണം വരുത്തേണ്ടതുമാണ്.

3) എക്സൈസ് സർക്കിൾ ആഫീസും, റെയ്ഞ്ച് ആഫീസും അടുത്തടുത്താണ് സ്ഥിതി ചെയ്യുന്നതെങ്കിൽ ഏത് ആഫീസിൽ ആണ് പരേഡ് നടത്തുവാൻ കൂടുതൽ സൗകര്യം ഉള്ളത്, കൂടുതൽ സൗകര്യമുള്ള ഓഫീസിൽ വച്ച് സംയുക്തമായി പരേഡ് നടത്തേണ്ടതാണ്.

4) വ്യാഴാഴ്ച പൊതു അവധി ദിവസം ആണെങ്കിൽ പരേഡ് നടത്തേണ്ടതില്ല.

5) ബുധനാഴ്ച ദിവസം യാദൃശ്ചികാവധിയിലോ മററു അവധികളിലോ പ്രവേശിക്കുന്നവർ വ്യാഴാഴ്ച പരേഡിന് ഹാജരാകേണ്ടതില്ല. എന്നാൽ ബുധനാഴ്ച വീക്കിലി ഓഫിൽ പ്രവേശിക്കുന്നവർ വ്യാഴാഴ്ച ദിവസം പരേഡിന് ഹാജരാകേണ്ടതാണ്.

6) പരേഡിൽ നിന്ന് മനഃപൂർവ്വം വിട്ടു നില്ക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരു വിവരം അതാത് ഉദ്യോഗസ്ഥൻമാർ അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർമാരെ അറിയിക്കേണ്ടതാണ്. അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർമാർ അന്വേഷിച്ച് പരിശോധിച്ച് ഇപ്രകാരം പരേഡിൽ നിന്ന് മാറി നില്ക്കുന്നത് മനഃപൂർവ്വമാണെന്ന് ബോദ്ധ്യപ്പെട്ടാൽ സർവ്വീസിന് ട്രെയിനിംഗ് നല്കുന്നതുൾപ്പെടെയുള്ള ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്

7) മററ് ആഫീസുകളിൽ സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുളള ഉദ്യോഗസ്ഥൻമാർ അവർ ഏത് ആഫീസിലാണോ നിയോഗിക്കപ്പെട്ടിരിയ്ക്കുന്നത് പ്രസ്തുത ആഫീസിൽ വീക്കിലി പരേഡ് ഉണ്ടെങ്കിൽ മാത്രം പരേഡിൽ പങ്കെടുക്കേണ്ടതാണ്.

8) ഗർഭിണികളോ, 1 വയസ്സിന് താഴെ പ്രായമുളള കുഞ്ഞുങ്ങളുടെ അമ്മമാരോ ആയിട്ടുളള വനിതാ ജീവനക്കാർ പരേഡിൽ പങ്കെടുക്കേണ്ടതില്ല.

9) അൻപത് വയസ്സ് കഴിഞ്ഞ പുരുഷജീവനക്കാരെയും, 40 വയസ്സ് കഴിഞ്ഞ വനിതാ ജീവനക്കാരെയും പരേഡ് ചെയ്യുന്നതിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. എന്നാൽ ഇവർ യൂണിഫോമിൽ പരേഡ് സ്ഥലത്ത് ഉണ്ടായിരിക്കേണ്ടതും 7.45 മുതൽ നടക്കുന്ന ചർച്ച ക്ളാസ്സുകളിൽ പങ്കെടുക്കേണ്ടതുമാണ്.

10 ബുധനാഴ്ച രാത്രി 9 മണിയ്ക്ക് ശേഷം റെയ്ഡ് തുടങ്ങി മററ് ഔദ്യോഗിക ഡ്യൂട്ടികൾ ചെയ്യുന്ന ഉദ്യോഗസ്ഥരെ വ്യാഴാഴ്ച പരേഡിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

11) ജില്ലയിലെ മുതിർന്ന ഉദ്യോഗസ്ഥൻമാർ പരേഡ് കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കേണ്ടതാണ്. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ മാസത്തിൽ ഒരു തവണയും, അസിസ്ററൻററ് എക്സൈസ് കമ്മീഷണർമാർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർ എന്നിവർ രണ്ടു തവണയിലും കുറയാതെ അവരവരുടെ കീഴിലുളള മററ് ആഫീസുകളിൽ പരേഡ് പരിശോധിക്കേണ്ടത്. മററ് ആഫീസുകളിൽ പരിശോധന നടത്താത്ത ദിവസങ്ങളിൽ അസിസ്ററൻററ് എക്സൈസ് കമ്മീഷണർമാരും, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരും അവരവരുടെ ആഫീസുകളിൽ പരേഡിൽ പങ്കെടുക്കേണ്ടതാണ്.

12) വീക്കിലി പരേഡിൽ പങ്കെടുത്ത ജീവനക്കാരുടെ പേര്, ഹാജരാകാത്ത ജീവനക്കാരുടെ പേര്, പങ്കെടുക്കാതിരുന്നതിനുളള കാരണം, പരേഡ് പരിശോധിച്ച മേലുദ്യോഗസ്ഥൻെറ പേര്, അഭിപ്രായം എന്നിവ രേഖപ്പെടുത്തിയ പരേഡ് രജിസ്ററർ ആഫീസിൽ സൂക്ഷിക്കേണ്ടതാണ്

(ഒപ്പ്)
എക്സൈസ് കമ്മീഷണർ

പകർപ്പ്:- 1) എക്സൈസ് കമ്മീഷണർ ( ആമുഖ കത്ത് സഹിതം)
2) എല്ലാ ജോയിൻറ് എക്സൈസ് കമ്മീഷണർമാർക്കും. (തെക്കൻ മേഖല, മദ്ധ്യമേഖല, ഉത്തര മേഖല, ഇ.ഐ. & ഐ. ബി )
3) എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും
4) എല്ലാ അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർമാർക്കും (എൻഫോഴ്സ്മെൻറ്)
5) ഓഫീസ് കോപ്പി/കരുതൽ ഫയൽ

സെക്ഷൻ ഓഫീസർ

Scanned by CamScanner